# പതിനഞ്ചാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2023 ആഗസ്റ്റ് 8, ചൊവ്വാഴ്ച

**നമ്പർ 114**

രാവിലെ 9.00 ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

**ചോദ്യങ്ങൾ :**

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

**നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ ഉത്തരത്തിനുള്ള തിരുത്ത് :**

പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിലെ 2023 ഫെബ്രുവരി 1-ാം തീയതിയിലെ നക്ഷത്രചിഹ്നമിടാത്ത 87-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തൽ വരുത്തിയ മറുപടി മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ മേശപ്പുറത്തുവച്ചു

**ചരമോപചാരം :**

മുൻ നിയമസഭാംഗങ്ങളായ എം. ചന്ദ്രൻ, മുൻമന്ത്രി ഡോ. എം. എ. കുട്ടപ്പൻ, പ്രൊഫ. നബീസ ഉമ്മാൾ എന്നിവരുടെ നിര്യാണം സംബന്ധിച്ച് സ്പീക്കർ റഫറൻസ് നടത്തി. പരേതരോടുള്ള ആദരസൂചകമായി അംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.

**ചെയർമാൻമാരുടെ പാനൽ :**

നടപ്പുസമ്മേളനത്തിലെ ചെയർമാൻമാരുടെ പാനലിലേക്ക് താഴെപ്പറയുന്ന അംഗങ്ങളെ നാമനിർദ്ദേശം ചെയ്തു.

1. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
2. ശ്രീ. വാഴൂർ സോമൻ
3. ശ്രീ. സജീവ് ജോസഫ്

അടിയന്തരപ്രമേയം :

സംസ്ഥാനത്തെ ഭൂരിഭാഗം സപ്ലൈകോ ഔട്ട്ലെറ്റുകളിലും സബ്സിഡി സാധനങ്ങളുടെ സ്റ്റോക്ക് ഇല്ലാത്തതും, വിപണിയിൽ കാര്യക്ഷമമായി ഇടപെടാൻ സർക്കാർ പരാജയപ്പെട്ടതും കാരണം സംസ്ഥാനത്ത് ഉളവായിരിക്കുന്ന രൂക്ഷമായ വിലക്കയറ്റം ജനജീവിതം ദുസ്സഹമാക്കിയതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. പി. സി. വിഷ്ണുനാഥും മറ്റ് അഞ്ച് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന്റെ അവതരണാനുമതിയ്ക്ക് നോട്ടീസ് നല്കിയിരുന്നു. ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

ശ്രദ്ധ ക്ഷണിക്കൽ :

1) നാളികേരത്തിന്റെ വിലയിടിവ് കാരണം കേരകർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ കൃഷി വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

2) ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിലെ അംഗങ്ങൾക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കേണ്ടതിന്റെയും ആനുകൂല്യങ്ങൾ കാലാനുസൃതമായി വർദ്ധിപ്പിക്കേണ്ടതിന്റെയും ആവശ്യകതയിലേക്ക് ശ്രീ. സി. ആർ. മഹേഷ് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:

ചട്ടം 304 പ്രകാരം നോട്ടീസ് നൽകിയിരുന്ന താഴെ പറയുന്ന വിഷയങ്ങൾക്കുള്ള മറുപടി മേശപ്പുറത്ത് വച്ചു.

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ശ്രീ. വി. ഡി. സതീശൻ | വാരപ്പെട്ടി പഞ്ചായത്തിലെ കർഷകന്റെ വാഴകൃഷി നശിപ്പിച്ചെന്ന പരാതി | വൈദ്യുതി വകുപ്പുമന്ത്രി |
| 2 | ശ്രീ.സി.എച്ച്. കുഞ്ഞമ്പു | കാസർഗോട്ടെ സർക്കാർ ഓഫീസുകളിലെ ഒഴിവുകൾ നികത്തുന്നതിന് നടപടി | മുഖ്യമന്ത്രി |
| 3 | ശ്രീമതി കെ. കെ. രമ | കുറ്റ്യാടി ഇറിഗേഷൻ കനാലുകളുടെ പൂർത്തീകരണം | ജലവിഭവ വകുപ്പുമന്ത്രി |

| (1) | (2) | (3) | (4) |
|---|---|---|---|
| 4 | ശ്രീ. പി. മമ്മിക്കുട്ടി | ജലജീവൻ മിഷൻ പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കൽ | ജലവിഭവ വകുപ്പുമന്ത്രി |
| 5 | ശ്രീ.കുറുക്കോളി മൊയ്തീൻ | തിരൂർ ജില്ലാ ആശുപത്രിയിൽ കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതിന് കിഫ്ബി സഹായം | ധനകാര്യ വകുപ്പുമന്ത്രി |
| 6 | ശ്രീ. വി. ശശി | മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം അപകടവിമുക്തമാക്കൽ | മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി |
| 7 | ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ | വൈപ്പിൻകരയിലെ കടലാക്രമണവും വേലിയേറ്റവും | മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി |
| 8 | ശ്രീ. കെ. ഡി. പ്രസേനൻ | മമ്പാട് പൂവത്തിങ്കലട്ടി റോഡ് BM&BC നിലവാരത്തിലേക്ക് ഉയർത്തൽ | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 9 | ശ്രീ. പി. പി. സുമോദ് | തോലനൂർ ഗവ. ആർട്സ് & സയൻസ് കോളേജിന് സ്വന്തമായി കെട്ടിടം | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 10 | ശ്രീ. എ. പി. അനിൽ കുമാർ | റേഷൻ കടകളിലെ ഇ-പോസ് മെഷീനുകളുടെ തകരാർ പരിഹരിക്കൽ | ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി |

<u>മേശപ്പുറത്തുവച്ച കടലാസ്സുകൾ :</u>

താഴെപറയുന്ന ഓർഡിനൻസുകൾ മേശപ്പുറത്തു വച്ചു.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | |
|---|---|---|---|
| | വർഷം | നമ്പർ | പേര് |
| 1 | 2023 | 2 | ദി കേരള ടാക്സേഷൻ ലോസ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2023 |
| 2 | 2023 | 1 | 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ഓർഡിനൻസ് |

<u>സമയം ദീർഘിപ്പിക്കുന്നതിനുള്ള പ്രമേയം:</u>

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവൻ അവതരിപ്പിച്ച 2022 - ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബില്ലിനെ സംബന്ധിച്ച സെലക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയം 2023 ആഗസ്റ്റ് 8 വരെ ദീർഘിപ്പിക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

<u>റിപ്പോർട്ടുകളുടെ സമർപ്പണം :</u>

i) 2022-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബില്ലിനെ സംബന്ധിച്ച സെലക്ട് കമ്മിറ്റി റിപ്പോർട്ട് സഭയിൽ സമർപ്പിച്ചു.

ii) സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2022-2023 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടും സഭയിൽ സമർപ്പിച്ചു.

<u>ഗവണ്മെന്റ് പ്രമേയം :</u>

ഏക സിവിൽകോഡ് നടപ്പിലാക്കുവാനുള്ള നീക്കത്തിൽ നിന്നും പിന്മാറുവാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന ഒരു പ്രമേയം മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അവതരിപ്പിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ, ശ്രീ. മഞ്ഞളാംകുഴി അലി, ശ്രീ. ടി. വി. ഇബ്രാഹിം, ശ്രീ. പി. ഉബൈദുള്ള, ശ്രീ. ടി. സിദ്ദിഖ് എന്നീ അംഗങ്ങൾ പ്രമേയത്തിന് ഭേദഗതികൾ അവതരിപ്പിച്ചു. തുടർന്ന് ഭേദഗതി ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

"ഏക സിവിൽ കോഡ് അടിച്ചേൽപ്പിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കത്തിൽ കേരള നിയമസഭ ആശങ്കയും ഉൽക്കണ്ഠയും രേഖപ്പെടുത്തുന്നു. ഏകപക്ഷീയവും ധൃതി പിടിച്ചുള്ളതുമായ കേന്ദ്ര നീക്കം ഭരണഘടനയുടെ മതനിരപേക്ഷ സ്വഭാവത്തെ ഇല്ലായ്മ ചെയ്യുന്നതാണെന്ന് ഈ സഭ വിലയിരുത്തുന്നു.

ഭരണഘടന അതിന്റെ നിർദ്ദേശക തത്വങ്ങളിൽ മാത്രമാണ് പൊതു സിവിൽ നിയമത്തെക്കുറിച്ച് പരാമർശിക്കുന്നത്. നിർദ്ദേശക തത്വങ്ങളിൽ മാത്രമായി ഇതു പരിമിതപ്പെടുത്തി എന്നത് ശ്രദ്ധേയമാണ്. നടപ്പാക്കണമെന്ന നിർബന്ധ സ്വഭാവമുള്ളവയല്ല നിർദ്ദേശക തത്വങ്ങൾ. മൗലികാവകാശങ്ങൾ നിർബന്ധിതമായി നടപ്പാക്കാൻ കോടതിക്കു കൽപിക്കാം. എന്നാൽ, കോടതിക്ക് പോലും നിർബ്ബന്ധിതമായി നടപ്പാക്കണം എന്ന് കൽപ്പിക്കാനാവാത്തതാണ് ഭരണഘടനയുടെ 44-ാം അനുച്ഛേദത്തിലെ നിർദ്ദേശക തത്വങ്ങൾ. ഭരണഘടനാ ശിൽപികൾ എത്രമേൽ ആലോചിച്ചാണിങ്ങനെ ചെയ്തത് എന്നും എന്തുകൊണ്ടാണിങ്ങനെ ചെയ്തത് എന്നും മനസ്സിലാക്കണം.

ഭരണഘടനയുടെ ആമുഖത്തിലൂടെ തന്നെ മതനിരപേക്ഷത ഉറപ്പു നൽകുന്ന രാജ്യമാണ് ഇന്ത്യ. ഏതു മതത്തിൽ വിശ്വസിക്കാനും അതിൻപ്രകാരം ജീവിക്കാനുമുള്ള പൗരന്റെ സ്വാതന്ത്ര്യം മൗലികാവകാശങ്ങളുടെ ഭാഗമാക്കിത്തന്നെ ഭരണഘടന ഉറപ്പു നൽകുന്നു. ഭരണഘടനയുടെ 25-ാം അനുച്ഛേദം ഉറപ്പുനൽകുന്ന ആ മതസ്വാതന്ത്ര്യം മതപരമായ വ്യക്തിനിയമങ്ങൾ അനുസരിക്കാനും ജീവിതത്തിൽ ആചരിക്കാനുമുള്ള അവകാശത്തെക്കൂടി ഉൾക്കൊള്ളുന്നതാണെന്നിരിക്കെ, ആ ആചരിക്കലിനെ വിലക്കുന്ന നിയമനിർമ്മാണം, ഭരണഘടനാപരമായ മതസ്വാതന്ത്ര്യമെന്ന മൗലികാവകാശത്തിന്റെ നിഷേധവും ലംഘനവുമാവും. സ്വന്തം മതവിശ്വാസങ്ങൾക്കനുസരിച്ച് ജീവിക്കുക എന്നത് മൗലികമായ വ്യക്തി സ്വാതന്ത്ര്യമായിരിക്കെ, അതു നിഷേധിക്കലുമാകും.

ഭരണഘടനയുടെ 44-ാം അനുച്ഛേദത്തിൽ പറയുന്നത് ഒരു പൊതു സിവിൽ നിയമസംഹിത സംപ്രാപ്തമാക്കുവാൻ രാഷ്ട്രം യത്നിക്കേണ്ടതാണ് എന്ന് മാത്രമാണ്. അഭിപ്രായസമന്വയത്തിലൂടെ, വ്യത്യസ്ത മതവിഭാഗങ്ങളുമായുള്ള ആശയസംവാദത്തിലൂടെ, കാലക്രമത്തിൽ മാത്രം സാധിക്കേണ്ടതാണത് എന്നതാണ് അതിന്റെ സൂചന. അത്തരത്തിലുള്ള ഒരു ആശയ സംവാദം നടത്തുകയോ അഭിപ്രായ സമന്വയം സൃഷ്ടിക്കുകയോ ചെയ്യാതെയാണ് കേന്ദ്രസർക്കാർ ഇത്തരത്തിലുള്ള ഏകപക്ഷീയ നീക്കവുമായി മുന്നോട്ടു വന്നിട്ടുള്ളത് എന്നത് വിവിധ ജനവിഭാഗങ്ങളിൽ ആശങ്കയുളവാക്കുന്നു. കേരള നിയമസഭയും ആ ആശങ്ക പങ്കുവയ്ക്കുന്നു. ജനങ്ങളുടെ ഒരുമയെ ഛിദ്രീകരിക്കാനുള്ള വർഗ്ഗീയ നീക്കമാണ് ഇത് എന്നും, രാഷ്ട്രത്തിന്റെ ഐക്യത്തിന് ഹാനികരമാണ് ഇത്തരം അടിച്ചേൽപ്പിക്കലുകൾ എന്നും വിലയിരുത്തുന്നു.

കോൺസ്റ്റിറ്റ്യുവൻറ് അസംബ്ലിയിൽ തന്നെ ഏക സിവിൽ നിയമത്തെ സംബന്ധിച്ച വ്യത്യസ്താഭിപ്രായങ്ങൾ ഉയർന്നിരുന്നു. ആ അവസരത്തിൽ ഡോ. ബി ആർ അംബേദ്കർ ഇക്കാര്യത്തിലെടുത്ത നിലപാട് ശ്രദ്ധേയമാണ്. ഇന്ത്യയുടെ സങ്കീർണമായ സാമൂഹിക യാഥാർത്ഥ്യങ്ങളെ പരിഗണിക്കുന്നതും വ്യത്യസ്ത മതവിഭാഗങ്ങളുടെ സമന്വയത്തെ ശക്തമാക്കുന്നതുമായിരുന്നു അംബേദ്കറുടെ നിലപാട്. വൈവിധ്യത്തിലെ ഏകത്വത്തെ അംഗീകരിക്കുന്നതായിരുന്നു അത്.

വ്യക്തിനിയമങ്ങൾ തെരഞ്ഞെടുക്കാനുള്ള അവകാശം പൗരജനങ്ങളിൽ നിലനിർത്തിക്കൊണ്ടുള്ള പൊതു സിവിൽ നിയമത്തിനായി വേണമെങ്കിൽ പാർലമെന്റിനു ശ്രമിക്കാമെന്നു പറഞ്ഞ അംബേദ്കർ അതുപോലും നിർബ്ബന്ധമായി വേണമെന്നു ശഠിച്ചില്ല. കേവലം ഒരു സാധ്യത സൂചിപ്പിക്കുക മാത്രമാണദ്ദേഹം ചെയ്തത്. അതിന്റെ പ്രതിഫലനമാണ് പൊതു സിവിൽ നിയമ പരാമർശം നിർദ്ദേശക തത്വങ്ങളിൽ മാത്രമായി പരിമിതപ്പെട്ടത്.

രാജ്യത്തെ ജനങ്ങളെയാകെ ബാധിക്കുന്ന ഈ വിഷയത്തിൽ ഏതു നീക്കം നടത്തുന്നതിൽ നിന്നും കേന്ദ്രസർക്കാർ പിന്തിരിയണമെന്ന് ഈ സഭ ഐകകണ്ഠ്യേന ആവശ്യപ്പെടുന്നു. ”

<u>നിയമനിർമ്മാണകാര്യം</u> :

1) <u>താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും :</u>

i) <u>2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബിൽ</u>

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ശ്രീമതി. വീണാ ജോർജ്ജ് 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബിൽ അവതരിപ്പിക്കുകയും ചട്ടം 75 (1) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുകയും ചെയ്തു. ശ്രീ. രമേശ് ചെന്നിത്തല, ശ്രീ. മാത്യു ടി. തോമസ് എന്നീ അംഗങ്ങൾ ബിൽ അവതരണത്തെ എതിർത്തുകൊണ്ട് ക്രമപ്രശ്നങ്ങൾ ഉന്നയിച്ച് സംസാരിച്ചു. ഉന്നയിക്കപ്പെട്ട ക്രമപ്രശ്നങ്ങൾ നിലനിൽക്കുന്നതല്ലെന്ന് സ്പീക്കർ റൂളിംഗ് നൽകി. തുടർന്ന്, പ്രസ്തുത ബിൽ സബ്ജക്ട് കമ്മിറ്റി XII - ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം മന്ത്രി അവതരിപ്പിച്ചു.

ശ്രീ. കെ. ബാബു (*തൃപ്പൂണിത്തുറ*) ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. രമേശ് ചെന്നിത്തല 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബില്ലിന് ആധാരമായ ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിച്ചു. ശ്രീ. അനൂപ് ജേക്കബ് നിരാകരണപ്രമേയത്തെ പിൻതാങ്ങി സംസാരിച്ചു. ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ചുമതല പ്പെടുത്തിയതനുസരിച്ച് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും, ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. വി. കെ. പ്രശാന്തും അവതരിപ്പിച്ച് സംസാരിച്ചു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം ഓർഡിനൻസ് നിരാകരണപ്രമേയം സഭ തള്ളി. ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി സഭ തള്ളുകയും, ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കുകയും ചെയ്തു. തുടർന്ന് 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബിൽ സബ്ജക്ട് കമ്മിറ്റി XII-ന്റെ പരിഗണനയ്ക്ക് അയക്കണമെന്ന പ്രമേയം പാസ്സാക്കുകയും, ബിൽ സബ്ജക്ട് കമ്മിറ്റി XII-ന്റെ പരിഗണനയ്ക്ക് അയക്കുകയും ചെയ്തു.

**ii) 2022 - ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ (ഭേദഗതി) ബിൽ**

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടി 2022-ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ (ഭേദഗതി) ബിൽ അവതരിപ്പിച്ചു. ബിൽ സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയവും അവതരിപ്പിച്ചു. തുടർന്ന്, പ്രസ്തുത ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. എൻ. എ. നെല്ലിക്കുന്നും, ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. എച്ച്. സലാമും അവതരിപ്പിച്ചു സംസാരിച്ചു. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി സഭ തള്ളുകയും, ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കുകയും ചെയ്തു. തുടർന്ന് 2022 - ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ (ഭേദഗതി) ബിൽ സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്ക് അയക്കണമെന്ന പ്രമേയം പാസ്സാക്കുകയും, ബിൽ സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്ക് അയക്കുകയും ചെയ്തു.

**iii) 2023-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ**

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി ശ്രീമതി. ജെ. ചിഞ്ചുറാണി, 2023-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ അവതരിപ്പിച്ചു. തുടർന്ന്, പ്രസ്തുത ബിൽ സബ്ജക്ട് കമ്മിറ്റി I-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയവും അവതരിപ്പിച്ചു. ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. കടകംപള്ളി സുരേന്ദ്രൻ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. എം. എം. മണിയും, ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. എം. മുകേഷ് ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. എം. രാജഗോപാലനും അവതരിപ്പിച്ചു സംസാരിച്ചു. മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് 2023-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ സബ്ജക്ട് കമ്മിറ്റി I-ന്റെ പരിഗണനയ്ക്ക് അയക്കണമെന്ന പ്രമേയം പാസ്സാക്കുകയും, ബിൽ സബ്ജക്ട് കമ്മിറ്റി I-ന്റെ പരിഗണനയ്ക്ക് അയക്കുകയും ചെയ്തു.

2023 ഡിസംബർ 9-ാം തീയതി ബുധനാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകിട്ട് 4.50-ന് സഭ പിരിഞ്ഞു.

എ. എം. ബഷീർ,
*സെക്രട്ടറി.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

Ninth Session

# BULLETIN—PART I

(Brief Record of Proceedings)

*Tuesday, August 08, 2023*

**No. 114**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions :*

Four Questions in the list of Questions posted for the day were answered orally.

*Correction of answer to Unstarred Question:*

The Corrected answer to Unstarred question No. 87 dated 1st February 2023 of Eighth session of the Fifteenth Kerala Legislative Assembly was laid on the Table by Shri Pinarayi Vijayan, Chief Minister.

*Obituary Reference :—*

The Speaker made reference on the demise of M. Chandran, former member Dr. M. A. Kuttappan former minister and Prof. Nabeesa Ummal former member of the Kerala Legislative Assembly. As a mark of respect to the deceased, the Members stood in silence for a while.

*Panel of Chairmen :*

The following Members were nominated to the Panel of Chairmen for the current Session of the Assembly.

1. Shri C. H. Kunhambu

2. Shri Vazhoor Soman

3. Shri Sajeev Joseph

*Adjournment Motion:*

After hearing the Minister for Food and Civil Supplies, the Speaker withheld consent to the moving of an adjournment motion given notice of by Shri P. C. Vishnunadh and five other Members regarding the serious situation reported to have arisen consequent to the scarcity in the stock of subsidized items in majority of SupplyCo outlets and failure of Government in intervening in public market and severe price hike.

(As a mark of protest against the attitude of the Government the Members belonging to opposition staged a walkout.)

*Calling Attention :*

1. Shri K. P. Kunhammed Kutti Master called the attention of the Minister for Agriculture to the necessity to resolve problems being faced by coconut producers due to the slash in price of coconut. The Minister made a statement thereto.

2. Shri C. R. Mahesh called the attention of the Minister for General Education and Labour to the necessity to avoid delay in disbursement of pensionary benefits and to enhance the benefits in a timely manner to the members of the Building & Other Construction Worker's Welfare Board. The Minister made a statement thereto.

*The Matters under Rule 304:*

The answers to the matters, notices for which was given by the Members under Rule 304 were laid on the table:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ശ്രീ. വി. ഡി. സതീശൻ | വാരപ്പെട്ടി പഞ്ചായത്തിലെ കർഷകന്റെ വാഴകൃഷി നശിപ്പിച്ചെന്ന പരാതി | വൈദ്യുതി വകുപ്പുമന്ത്രി |
| 2 | ശ്രീ.സി.എച്ച്. കുഞ്ഞമ്പു | കാസർഗോട്ടെ സർക്കാർ ഓഫീസുകളിലെ ഒഴിവുകൾ നികത്തുന്നതിന് നടപടി | മുഖ്യമന്ത്രി |
| 3 | ശ്രീമതി കെ. കെ. രമ | കുറ്റ്യാടി ഇറിഗേഷൻ കനാലുകളുടെ പൂർത്തീകരണം | ജലവിഭവ വകുപ്പുമന്ത്രി |

| (1) | (2) | (3) | (4) |
|---|---|---|---|
| 4 | ശ്രീ. പി. മമ്മിക്കുട്ടി | ജലജീവൻ മിഷൻ പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കൽ | ജലവിഭവ വകുപ്പുമന്ത്രി |
| 5 | ശ്രീ.കുറുക്കോളി മൊയ്തീൻ | തിരൂർ ജില്ലാ ആശുപത്രിയിൽ കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതിന് കിഫ്ബി സഹായം | ധനകാര്യ വകുപ്പുമന്ത്രി |
| 6 | ശ്രീ. വി. ശശി | മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം അപകടവിമുക്തമാക്കൽ | മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി |
| 7 | ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ | വൈപ്പിൻകരയിലെ കടലാക്രമണവും വേലിയേറ്റവും | മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി |
| 8 | ശ്രീ. കെ. ഡി. പ്രസേനൻ | മമ്പാട് പൂവത്തിങ്കലട്ടി റോഡ് BM&BC നിലവാരത്തിലേക്ക് ഉയർത്തൽ | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 9 | ശ്രീ. പി. പി. സുമോദ് | തോലനൂർ ഗവ. ആർട്സ് & സയൻസ് കോളേജിന് സ്വന്തമായി കെട്ടിടം | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 10 | ശ്രീ. എ. പി. അനിൽ കുമാർ | റേഷൻ കടകളിലെ ഇ-പോസ് മെഷീനുകളുടെ തകരാർ പരിഹരിക്കൽ | ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി |

*Papers laid on the table :*

The following Ordinance was laid on the Table.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | |
|---|---|---|---|
| | വർഷം | നമ്പർ | പേര് |
| 1 | 2023 | 2 | ദി കേരള ടാക്സേഷൻ ലോസ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2023 |
| 2 | 2023 | 1 | 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ഓർഡിനൻസ് |

*Motion for Extension of Time :*

The motion that the time for presentation of Report of the Select Committee on the Kerala Co-operarative Societies (Third Amendment) Bill, 2022 be extended till August 8, 2023 moved by Shri V. N. Vasavan, Minister for Co-operation and Registration was adopted by the House.

*Presentation of Reports :*

i) The Select Committee on the Kerala Co-operarative Societies (Third Amendment) Bill, 2022 was presented.

ii) The Periodical Report from 1st April 2022 to 31st March 2023 and the Report of action taken on the Second report regarding the scrutiny of demands for grants for the year 2022-2023 were presented.

*Government Resolution :*

Shri Pinarayi Vijayan, Chief Minister moved a Government resolution urging the Central Government to take steps to withdraw from the move to implement a Uniform Civil Code.

Shri N. Samsudheen, Shri. Manjalamkuzhi Ali, Shri T. V. Ibrahim, Shri P. Ubaidulla and Shri. T. Siddique moved amendments to the resolution.

Then the House unanimously adopted the following resolution as amended.

"ഏക സിവിൽ കോഡ് അടിച്ചേൽപ്പിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കത്തിൽ കേരള നിയമസഭ ആശങ്കയും ഉൽക്കണ്ഠയും രേഖപ്പെടുത്തുന്നു. ഏകപക്ഷീയവും ധൃതി പിടിച്ചുള്ളതുമായ കേന്ദ്ര നീക്കം ഭരണഘടനയുടെ മതനിരപേക്ഷ സ്വഭാവത്തെ ഇല്ലായ്മ ചെയ്യുന്നതാണെന്ന് ഈ സഭ വിലയിരുത്തുന്നു.

ഭരണഘടന അതിന്റെ നിർദ്ദേശക തത്വങ്ങളിൽ മാത്രമാണ് പൊതു സിവിൽ നിയമത്തെക്കുറിച്ച് പരാമർശിക്കുന്നത്. നിർദ്ദേശക തത്വങ്ങളിൽ മാത്രമായി ഇതു പരിമിതപ്പെടുത്തി എന്നത് ശ്രദ്ധേയമാണ്. നടപ്പാക്കണമെന്ന നിർബന്ധ സ്വഭാവമുള്ളവയല്ല നിർദ്ദേശക തത്വങ്ങൾ. മൗലികാവകാശങ്ങൾ നിർബന്ധിതമായി നടപ്പാക്കാൻ കോടതിക്കു കൽപ്പിക്കാം. എന്നാൽ, കോടതിക്ക് പോലും നിർബ്ബന്ധിതമായി നടപ്പാക്കണം എന്ന് കൽപ്പിക്കാനാവാത്തതാണ് ഭരണഘടനയുടെ 44- ാം അനുച്ഛേദത്തിലെ നിർദ്ദേശക തത്വങ്ങൾ. ഭരണഘടനാ ശിൽപികൾ എത്രമേൽ ആലോചിച്ചാണിങ്ങനെ ചെയ്തത് എന്നും എന്തുകൊണ്ടാണിങ്ങനെ ചെയ്തത് എന്നും മനസ്സിലാക്കണം.

ഭരണഘടനയുടെ ആമുഖത്തിലൂടെ തന്നെ മതനിരപേക്ഷത ഉറപ്പു നൽകുന്ന രാജ്യമാണ് ഇന്ത്യ. ഏതു മതത്തിൽ വിശ്വസിക്കാനും അതിൻപ്രകാരം ജീവിക്കാനുമുള്ള പൗരന്റെ സ്വാതന്ത്ര്യം മൗലികാവകാശങ്ങളുടെ ഭാഗമാക്കിത്തന്നെ ഭരണഘടന ഉറപ്പു നൽകുന്നു. ഭരണഘടനയുടെ 25- ാം അനുച്ഛേദം ഉറപ്പുനൽകുന്ന ആ മതസ്വാതന്ത്ര്യം മതപരമായ വ്യക്തിനിയമങ്ങൾ അനുസരിക്കാനും ജീവിതത്തിൽ ആചരിക്കാനുമുള്ള അവകാശത്തെക്കൂടി ഉൾക്കൊള്ളുന്നതാണെന്നിരിക്കെ, ആ ആചരിക്കലിനെ വിലക്കുന്ന നിയമനിർമ്മാണം, ഭരണഘടനാപരമായ മതസ്വാതന്ത്ര്യമെന്ന മൗലികാവകാശത്തിന്റെ നിഷേധവും ലംഘനവുമാവും. സ്വന്തം മതവിശ്വാസങ്ങൾക്കനുസരിച്ച് ജീവിക്കുക എന്നത് മൗലികമായ വ്യക്തി സ്വാതന്ത്ര്യമായിരിക്കെ, അതു നിഷേധിക്കലുമാകും.

ഭരണഘടനയുടെ 44-ാം അനുച്ഛേദത്തിൽ പറയുന്നത് ഒരു പൊതു സിവിൽ നിയമസംഹിത സംപ്രാപ്തമാക്കുവാൻ രാഷ്ട്രം യത്നിക്കേണ്ടതാണ് എന്ന് മാത്രമാണ്. അഭിപ്രായസമന്വയത്തിലൂടെ, വ്യത്യസ്ത മതവിഭാഗങ്ങളുമായുള്ള ആശയസംവാദത്തിലൂടെ, കാലക്രമത്തിൽ മാത്രം സാധിക്കേണ്ടതാണത് എന്നതാണ് അതിന്റെ സൂചന. അത്തരത്തിലുള്ള ഒരു ആശയ സംവാദം നടത്തുകയോ അഭിപ്രായ സമന്വയം സൃഷ്ടിക്കുകയോ ചെയ്യാതെയാണ് കേന്ദ്രസർക്കാർ ഇത്തരത്തിലുള്ള ഏകപക്ഷീയ നീക്കവുമായി മുന്നോട്ടു വന്നിട്ടുള്ളത് എന്നത് വിവിധ ജനവിഭാഗങ്ങളിൽ ആശങ്കയുളവാക്കുന്നു. കേരള നിയമസഭയും ആ ആശങ്ക പങ്കുവയ്ക്കുന്നു. ജനങ്ങളുടെ ഒരുമയെ ഛിദ്രീകരിക്കാനുള്ള വർഗ്ഗീയ നീക്കമാണ് ഇത് എന്നും, രാഷ്ട്രത്തിന്റെ ഐക്യത്തിന് ഹാനികരമാണ് ഇത്തരം അടിച്ചേൽപ്പിക്കലുകൾ എന്നും വിലയിരുത്തുന്നു.

കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയിൽ തന്നെ ഏക സിവിൽ നിയമത്തെ സംബന്ധിച്ച വ്യത്യസ്താഭിപ്രായങ്ങൾ ഉയർന്നിരുന്നു. ആ അവസരത്തിൽ ഡോ. ബി ആർ അംബേദ്കർ ഇക്കാര്യത്തിലെടുത്ത നിലപാട് ശ്രദ്ധേയമാണ്. ഇന്ത്യയുടെ സങ്കീർണമായ സാമൂഹിക യാഥാർത്ഥ്യങ്ങളെ പരിഗണിക്കുന്നതും വ്യത്യസ്ത മതവിഭാഗങ്ങളുടെ സമന്വയത്തെ ശക്തമാക്കുന്നതുമായിരുന്നു അംബേദ്കറുടെ നിലപാട്. വൈവിധ്യത്തിലെ ഏകത്വത്തെ അംഗീകരിക്കുന്നതായിരുന്നു അത്.

വ്യക്തിനിയമങ്ങൾ തെരഞ്ഞെടുക്കാനുള്ള അവകാശം പൗരജനങ്ങളിൽ നിലനിർത്തിക്കൊണ്ടുള്ള പൊതു സിവിൽ നിയമത്തിനായി വേണമെങ്കിൽ പാർലമെന്റിനു ശ്രമിക്കാമെന്നു പറഞ്ഞ അംബേദ്കർ അതുപോലും നിർബ്ബന്ധമായി വേണമെന്നു ശഠിച്ചില്ല. കേവലം ഒരു സാധ്യത സൂചിപ്പിക്കുക മാത്രമാണദ്ദേഹം ചെയ്തത്. അതിന്റെ പ്രതിഫലനമാണ് പൊതു സിവിൽ നിയമ പരാമർശം നിർദ്ദേശക തത്വങ്ങളിൽ മാത്രമായി പരിമിതപ്പെട്ടത്.

രാജ്യത്തെ ജനങ്ങളെയാകെ ബാധിക്കുന്ന ഈ വിഷയത്തിൽ ഏതു നീക്കം നടത്തുന്നതിൽ നിന്നും കേന്ദ്രസർക്കാർ പിന്തിരിയണമെന്ന് ഈ സഭ ഐകകണ്ഠ്യേന ആവശ്യപ്പെടുന്നു. ”

*Legislative Business :*

Introduction and Motion for reference to Subject Comittee of the following Bills :

i) The Kerala Healthcare Service Persons and the Healthcare Service Institutions (Prevention of Violence and Damage to Property) Amendment Bill, 2023

Smt. Veena George, Minister for Health and Woman and Child Development introduced the Kerala Healthcare Service Persons and the Healthcare Service Institutions (Prevention of Violence and Damage to Property) Amendment Bill, 2023 and laid the statements under rule 75(1). Shri Ramesh Chennithala and Shri Mathew T. Thomas raised objections regarding the moving of the bill for taken into consideration and spoke. Speaker ruled out the objections. Then the Minister moved that the Bill be referred to Subject Committee XII.

Shri Ramesh Chennithala as authorised by Shri K. Babu (*Thripoonithura*) moved the ordinance disapproval motion in respect of the Kerala Healthcare Service Persons and the Healthcare Service Institutions (Prevention of Violence and Damage to Property) Amendment Bill, 2023 and spoke. Shri. Anoop Jacob seconded the motion and spoke. Shri Thriuvanchoor Radhakrishnan as authorised by Shri Eldose P. Kunnappillil moved an amendment to circulate the Bill for eliciting public opinion and Shri V. K. Prasanth moved another amendment for referring the Bill to a Select Committee and spoke.

After the reply by Minister for Health and Woman and Child Development the amendment to circulate the Bill for eliciting public opinion was declared lost and the amendment for referring the Bill to a Select Committee was withdrawn by the leave of the House. Then the Motion was adopted and the Bill was referred to Subject Committee XII.

ii) The Kerala Motor Transport Workers' Payment of Fair Wages (Amendment) Bill, 2022

Shri V. Sivankutty, Minister for General Education and Labour introduced The Kerala Motor Transport Workers' Payment of Fair Wages (Amendment) Bill, 2022. Then the Minister moved that the Bill be referred to Subject Committee VII. Then Shri N. A. Nellikkunnu moved an amendment to circulate the Bill for eliciting

public opinion and Shri H. Salam as authorised by Shri K. P. Kunhammed Kutti Master moved another amendment for referring the Bill to a Select Committee and spoke. After the reply by Minister for General Education and Labour, the amendment to circulate the Bill for eliciting public opinion was declared lost and the amendment for referring the Bill to a Select Committee was withdrawn by the leave of the House. Then the Motion was adopted and the Bill was referred to Subject Committee VII.

iii) <u>The Kerala Dairy Farmers' Welfare Fund (Amendment) Bill, 2023</u>

Smt. J. Chinchurani, Minister for Animal Husbandry and Dairy Development introduced the Kerala Dairy Farmers' Welfare Fund (Amendment) Bill, 2023. Then the Minister moved that the Bill be referred to Subject Committee I. Then Shri M. M. Mani as authorised by Shri Kadakampally Surendran moved an amendment to circulate the Bill for eliciting public opinion and Shri M. Rajagopalan as authorised by Shri M. Mukesh moved another amendment for referring the Bill to a Select Committee and spoke. After the reply by Minister for Animal Husbandry& Dairy Development, the amendments were withdrawn by the leave of the House. Then the Motion was adopted and the Bill was referred to Subject Committee I.

The House adjourned at 4.50 p.m. to meet again at 9.00 a.m. on Wednesday August 9, 2023.

A. M. BASHEER,
*Secretary.*